Glory to God in the highest... SADHWARTHA സദ്വാർത്ത ...and on earth peace

# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 40 ISSUE 1 | PUBLISHED FROM MUMBAI | BI-MONTHLY | JUL - AUG 2025


# മഹനീയം ബൈബിൾ കോളേജിന്റെ 43-ാമത് ബാച്ചിന് അനുഗ്രഹീത തുടക്കം

**മുംബൈ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന്റെ വേദപഠനശാലയായ മഹനീയം ബൈബിൾ കോളേജിന്റെ 43-ാമത് ബാച്ച് ജൂൺ 4 ന് ആരംഭിച്ചു. എഡ്യുക്കേഷൻ ഡയറക്ടർ പാസ്റ്റർ ഷിനോയി സി. മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാസ്റ്റർ ഷിഞ്ജു തോമസ് സങ്കീർത്തനം വായിച്ച് പാസ്റ്റർ അജിമോൻ ഈപ്പൻ പ്രാരംഭപ്രാർത്ഥന നടത്തി. അധ്യക്ഷപ്രസംഗത്തിനുശേഷം രജിസ്ട്രാർ പാസ്റ്റർ ഷിബു മാത്യു ബൈബിൾ സ്കൂൾ ബോർഡ് അംഗങ്ങളെയും, അദ്ധ്യാപകരെയും, പുതിയ സ്റ്റുഡൻസിനെയും സദസിന് പരിചയപ്പെടുത്തി. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എം.പി. ഗൗതം ബൈബിൾ സ്ക്കൂളിന്റെ ചരിത്രവും, പ്രവർത്തനങ്ങളും വിശദീകരിച്ചു, ബൈബിൾ സ്ക്കുൾ പ്രിൻസിപ്പൽ പാസ്റ്റർ ബെഞ്ചി മാത്യു ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ദൈവസഭയും, വിശ്വാസ സമൂഹവും നൽകുന്ന പങ്കിനെപ്പറ്റി സംസാരിച്ചു. റീജിയനൽ ഓവർസിയർ പാസ്റ്റർ ഈ.പി. സാംകുട്ടി സങ്കീർത്തനം 119:18 നിന്ന് ***'ന്യായപ്രമാണത്തിന്റെ അത്ഭുതങ്ങളെ കാണേണ്ടതിന്, കണ്ണുകൾ തുറക്ക'*** എന്ന വചനത്തെ ആധാരമാക്കി മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ ഷിബു വർഗ്ഗീസ് (ഡയറക്ടർ സണ്ടേസ്കൂൾ) ഷിഞ്ചു തോമസ് (ഡയറക്ടർ യൂത്ത് ഡിപ്പാർട്ട്മെന്റ്) ജോൺ സി. മുട്ടുവേലി (ഡയറക്ടർ കൗൺസലിംഗ് ഡിപ്പാർട്ട്മെന്റ്) അജി മോൻ ഈപ്പൻ, ഹിതേഷ്, വിനോദ് വാഗ്മാരേ, വിഷാൽ എന്നിവർ ആശംസാസന്ദേശങ്ങൾ അറിയിച്ചു. ഡീൻ പാസ്റ്റർ ബിജു ഗോപാലൻ കടന്നു വന്നവർക്ക് സ്വാഗതവും, ഇവാ.ജസ്റ്റിൻ എസ്. മാത്യു നന്ദിയും അറിയിച്ചു.




ദൈവസഭയുടെ വിശാലമായ ക്യാമ്പസിൽ, ദൈവസഭയുടെ അന്തർദ്ദേശീയ അംഗീകാരവും, അയാട്ട അംഗീകാരമുള്ള B.Th, C.Th സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി എന്നീ വിവിധ കോഴ്സുകൾ നടത്തപ്പെടുന്നു. നോർ ത്ത് ഇന്ത്യൻ സുവിശേഷീകരണം ലക്ഷ്യമാക്കി വിദ്യാർത്ഥികളെ ആത്മീക നിലവാരത്തിൽ ശുശ്രൂഷകൾക്കായി ഒരുക്കിയെടുക്കുന്നു. ദൈവവചന പഠനത്തോടോപ്പം, പ്ലംബിംഗ്, ഇലട്രിക്കൽ, കമ്പ്യൂട്ടർ, ഇംഗ്ലീഷ് കോഴ്സുകളിൽ പ്രത്യേക പരിശീലനം നൽകുന്നു. പാസ്റ്റർ ഹിതേഷ് സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോൺ സി. മുട്ടുവേലിയുടെ പ്രാർത്ഥനയോടും ആശിർവാദത്തോടും കൂടെ മീറ്റിംഗ് അവസാനിച്ചു. ●

## ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന്റെ
# ഓൺലൈൻ കൺവൻഷൻ



ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സെൻട്രൽ വെസ്റ്റ് റീജിയന്റെ നേതൃത്വത്തിൽ എപ്രിൽ 18, 19 തീയതികളിൽ ഓൺലൈൻ കൺവൻഷൻ നടന്നു.

റീജിയൺ ഓവർസീയർ പാ. ഈ.പി. സാംകുട്ടി ഉൽഘാടനം ചെയ്ത ദ്വിദിന മീറ്റിംഗുകൾക്ക് പാസ്റ്റർ എം.പി. ഗൗതം, പാസ്റ്റർ ഷാജി വി. ജോൺ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ''പ്രതിസന്ധികളിൽ ദൈവദാസന്മാർ ദൈവമക്കൾ പ്രാർത്ഥനയോടും പ്രത്യാശയോടും മുന്നേറണം'' എന്ന ഉത്ഘാടന പ്രസംഗത്തോടെ ആരംഭിച്ച കൺവൻനിൽ പാസ്റ്റർ എബി അയിരൂർ, ലൂക്കോസ് 9:44 വാക്യത്തെ ആസ്പദമാക്കി **''ദൈവാശ്രയത്തിലും, ദൈവീക നിയോഗത്തിലും ഉള്ള ആത്മിക ശുശ്രൂഷ''** എന്ന വിഷയത്തെക്കുറിച്ച് രണ്ടു ദിവസങ്ങളിൽ പ്രസംഗിച്ചു. പാ. ആൽബി തോമസ് സന്ദേശം ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തു.

ഗാനശുശ്രൂഷയ്ക്ക് പാ. ബെഞ്ചി മാത്യു നേതൃത്വം നൽകി. ബ്ര. സജിമോൻ പി.റ്റി, പാ. സുജിത്ത് പി. ജോസഫ്, പാ. പി.സി. ചെറിയാൻ, ബ്ര. ഡി.ജി. മാർട്ടിൻ, പാ. ഷിബു വർഗ്ഗീസ്, പാ. പി. എ. മാത്യു. എന്നിവർ പ്രാർത്ഥിച്ചു. റീജിയണൽ കൗൺസിൽ സെക്രട്ടറി പാ. ബിജു തങ്കച്ചൻ കൃതജ്ഞത പറഞ്ഞു. ഈ കൺവെൻഷൻ ദൈവദാസന്മാർക്കും വിശ്വാസികൾക്കും ഒരുപോലെ ആത്മീക ഉത്തേജനത്തിനും വളർച്ചയ്ക്കും കാരണമായി. ●

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സെൻട്രൽ വെസ്റ്റ് റീജിയൻ
# പുതിയ നിയമനങ്ങൾ

**മുംബൈ :** ചർച്ച് ഓഫ് ഇൻ ഇന്ത്യാ സെൻട്രൽ വെസ്റ്റ് റീജിയന്റെ നേതൃത്വത്തിലുള്ള ഡൽഹി, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരെ നിയമിച്ചു. ഡൽഹിയിൽ പാസ്റ്റർ മാത്യു ടി. സാമുവേലും, മധ്യപ്രദേശിൽ പാസ്റ്റർ പി.റ്റി. റോയിയും നിയമിതരായി. സദ്വാർത്താ ചീഫ് എഡിറ്ററായി പാസ്റ്റർ മനു കെ. ചാക്കോ, മഹനീയം ബൈബിൾ കോളേജ് രജിസ്ട്രാറായി പാസ്റ്റർ ഷിബു മാത്യു, അക്കാഡമിക് ഡീനായി പാസ്റ്റർ ജസ്റ്റിൻ എസ്. മാത്യു എന്നിവർ ചുമതലയേറ്റു.







# ക്രിസ്റ്റ്യൻ അപ്പോളജെറ്റിക്സ് ഡിപ്ലോമ ക്ലാസ്സുകൾ

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സെൻട്രൽ വെസ്റ്റ് റീജിയൻ, കൗൺസലിംഗ് ഡിപാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഡിപ്ലോമ ക്ലാസ്സുകൾക്ക് ഒപ്പം ക്രിസ്റ്റ്യൻ അപ്പോളജെറ്റിക്സ് ഡിപ്ലോമ ക്ലാസ്സുകൾക്ക് തുടക്കം കുറിച്ചു. ക്ലാസ്സുകളുടെ തുടക്കത്തോടനുബന്ധമായി ക്രിസ്റ്റ്യൻ അപ്പോളജെറ്റിക്സ് എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രത്യേക സെമിനാർ 22 ജൂൺ വൈകിട്ട് വിക്രോളി ചർച്ച് ഓഫ് ഗോഡ് സഭാ ഹാളിൽ ക്രമീകരിച്ചു. പ്രസ്തുത മീറ്റിംഗിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടം “Defending our faith and proclaiming the truth” എന്ന വിഷയത്തെ ആസ്പദമാക്കി അധികാരികമായി സംസാരിച്ചു. മീറ്റിംഗിന് ഡോക്ടർ ജോൺ സി മുട്ടുവേലി നേതൃത്വം നൽകി. കൗൺസലിംഗ് അപ്പോളജെറ്റിക്സ് കോഴ്സുകളുടെ കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക



Dr. John C Muttuvelil 99870 33294

Pr. Manu K. Chacko 8208907893

SADHWARTHA

**Editorial Board**

**Patron**
Pastor E.P. Samkutty

**Publication Director**
Pastor Biju Thankachan

**Chief Editor**
Pastor Manu K. Chacko

**Associate Editors**
Pastor Nainan M. Abraham
Pastor Shibu Baby

**Contributing Editors**
Br. Roy Mepral Philedelphia,
Rev. Jose Mallassery, UAE
Pastor Joppachan, Mumbai
Pastor Sanjay Allwyn, Kanpur
Dr. Paul Raj, Mumbai
Pastor Mahavir Prasad, Mumbai
Pastor Johnson Thomas

**Co-ordinators**
Pr. Sujith P. Joseph, Delhi
Pr. Prakash Sonare
Pr. Alexander Koshy, Delhi
Pr. Jose K. Mathew, M.P
Pr. Shinu Abraham, Nagpur
Pr. Shiju K. Daniel, Punjab
Pr. Ajimon K. Eapen, Mumbai
Pr. Jayakumar, Hyderabad
Pr. Blesson P. Daniel, Gujarat
Pr. John K. George, Mumbai
Pr. Reji Punnoose, Hyderabad
Bro. K.K. Koshy, Pune
Bro. James Philip, Mumbai.
Bro. Shaji P. John, Delhi
Bro.Jayan K. Thomas, Navi Mumbai
Bro. Aniyan K.Mathai, Bhayander
Bro.D.G Martin, Mumbai
Bro. P.C.Varghese, Pune
Bro. Sabu George, Dombivili
Bro. Bovas P. Varghese, Nagpur
Bro. Sonu Johnson ,Gujarat

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel:25251834
Mob.: 8208907893
7738452125
email :sadhwartha@gmail.com

*Editorial ........*

# TRUE FREEDOM
## THROUGH DEPENDENCE ON CHRIST



**Pastor Manu K. Chacko**
Chief Editor

We live in a world that constantly celebrates independence; things like financial freedom, personal choices, self-expression, and the ability to live life in our own way. Countries proudly celebrate their national freedom, often equating independence with strength, success, and identity.

But for those who follow Jesus, there is a deeper and more powerful kind of independence: **freedom in Christ.**

Many Christians say they are free, yet they quietly struggle. They carry emotional wounds, addictions, fear, guilt, or the pressure to please others. While they may not be in physical chains, they feel stuck mentally, emotionally, or spiritually. The truth is, even though we're saved, many of us live in spiritual bondage because we don't fully understand what freedom in Christ really means.

The Bible says in **Galatians 5:1,** "It is for freedom that Christ has set us free. Stand firm, then, and do not let yourselves be burdened again by a yoke of slavery."

So what does it mean to be truly free?

True freedom begins by depending on God. In Christ, freedom doesn't mean doing whatever we want. It means having the power to do what is right, to live a holy life, and to follow the leading of God's Spirit.

In **John 15:5,** Jesus said, "Apart from Me, you can do nothing." That's a powerful reminder.While the world teaches us to rely on ourselves, God teaches us to rely on Him. The world says, "Be self-centered," but the Bible calls us to be Christ centered.

When we depend on God for our strength, wisdom, identity, and purpose, we are no longer controlled by what others think, by cultural expectations, or by our own unstable emotions.

It might seem strange, but submitting to God is actually the key to real freedom. As **Romans 6:22** says, "Now that you have been set free from sin and have become slaves of God, the benefit you reap leads to holiness, and the result is eternal life." Freedom in Christ doesn't mean life without rules rather, it means a life full of peace, purpose, and lasting joy. We need God's direction to live a meaningful and safe life.

When we surrender our will to God, we exchange the weight of sin for the joy of obedience. We're no longer controlled by fear, guilt, or the need to prove ourselves. Instead, we rest in God's promises and find strength in His presence. His ways are designed to bring order, purpose, and blessing. When we follow Him, we are no longer controlled by sin, guilt, fear, or the need to please everyone around us. Instead, we are free to become the people God created us to be.

**Being independent in Christ is not just a onetime choice. it's a daily habit of the heart**

- It's starting each day by seeking God's face, knowing we need His grace.
- It's turning to the guidance of God before forming opinions or making decisions.
- It's trusting in God's perfect timing than our plans.
- It's standing firm in our identity as children of God, not defined by success or failure.

This kind of dependence brings courage, clarity, and peace that the world can't understand.

As we celebrate our nation's freedom, let's remember that **political freedom without spiritual freedom is incomplete.** Around us, many people still live in emotional, moral, or spiritual chains. The Church is called to rise and declare a message of true freedom in Christ not just religion, but a real relationship with the One who sets us free.

Independence in Christ is not about living for ourselves. It's about living through Him, for Him, and with Him. When we truly depend on Jesus, we find a life that is full, fruitful, and truly free.

So no matter what you face, choose to depend on God more than anything else because in Him, you will find a life that is truly full, free, and unshakable. ●

*From Regional Overseer....*

# ദൗത്യം മറന്ന സഭ



**Pastor E.P. Samkutty**

ക്രൈസ്തവ സഭ നിലനിൽക്കുന്നത് ദൗത്യ നിർവഹണത്തിലാണ്. ദൗത്യത്തിന്റെ തുടക്കവും തുടർച്ചയും ദൈവത്തിലധിഷ്ഠിതമാണ്. ഈ ദൈവിക പ്രവർത്തനത്തോടുള്ള നമ്മുടെ പ്രതികരണം അത്രേ സഭയുടെ ദൗത്യം. ദൈവത്തിന്റെ പ്രവർത്തിക്കു മാനദണ്ഡം നിശ്ചയിക്കേണ്ടത് മനുഷ്യനല്ല. ദൈവം കാലസമ്പൂർണ്ണതയിൽ തിരുഹിത പ്രകാരം രക്ഷിത പ്രവൃത്തി സാധ്യമാക്കി. ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനപെട്ട സഭ ക്രിസ്തുവിന്റെ പ്രകൃതിയും സ്വഭാവവും പ്രകടമാക്കുന്നു. അപ്പോസ്തലന്മാരുടെ ഉപദേശം കേൾക്കുന്നതിലും കൂട്ടായ്മ ആചരിക്കുന്നതിലും അപ്പം നുറുക്കുന്നതിലും ആരാധന കഴിക്കുന്നതിലും അധിഷ്ഠിതമായ ജീവിതശൈലിയാണ് സഭ സ്വീകരിച്ചിട്ടുള്ളത്.

സഭ പ്രവർത്തനം ആരംഭിച്ചപ്പോൾ പീഡനവും ഉണ്ടായി എന്നാൽ യാതൊരു യാതനയ്ക്കും അവരുടെ വിശ്വാസത്തെയും പ്രവർത്തന വേഗതയേയും തകിടം മറിക്കാൻ ആയില്ല. ദൗത്യം നിറവേറ്റുവാൻ വിശ്വാസസ്ഥിരതയും ദൃഢ നിശ്ചയവും ദൈവീക വിളിയെക്കുറിച്ചുള്ള ഉത്തമ ബോധ്യവും അത്യന്താപേക്ഷിതമാണ്. ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് സഭയുടെ നാഥൻ ഉറപ്പു തന്നിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യവശാൽ ഇന്നു ദൈവത്തിനു വേണ്ടി നാസിർ ആകേണ്ട ശിംശോൻമാർ ലോകമാകുന്ന ദലീലായുടെ മടിയിൽ ഉറങ്ങി പോകുന്നോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

പല നിലയിലാണ് ഇന്ന് പിശാച് സഭക്ക് കേടു വരുത്തികൊണ്ടിരിക്കുന്നത് . ഒരുവശത്ത് സുവിശേഷ വിരോധികളാലുള്ള പീഡന പരമ്പര തുടർക്കഥയാകുമ്പോൾ മറുവശത്ത് ദൈവകരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെടേണ്ടവരെ ഏതു തന്ത്രത്തിൽ കൂടെയും തകർക്കുക എന്നത് സാത്താന്റെ തന്ത്രങ്ങളിൽ ഒന്നാണ്. വിശ്വസ്തതയോടും ആത്മാർത്ഥതയോടും ശക്തമായി ശുശ്രൂഷ ചെയ്യുന്ന ദൈവദാസന്മാർ പ്രാർത്ഥനാ വീരരായ ദൈവമക്കൾ പെട്ടെന്ന് കഠിന രോഗങ്ങൾക്ക് അടിമപ്പെടുകയും മറ്റു ചിലർ പെട്ടെന്നുള്ള അപകടങ്ങളാൽ ലോകത്ത് നിന്ന് മാറ്റപ്പെടുകയും ചെയ്യുന്നത് തുടർ സംഭവമായി മാറിക്കൊണ്ടിരിക്കുന്നു. ദൈവകരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെടേണ്ട ദൈവജനം സ്ഥാനമോഹങ്ങളിലും ധനമോഹത്തിലും ജഡമോഹത്തിലും കുടുങ്ങി ദൗത്യം മറന്ന് ലൗകീകരായി മാറുന്ന കാഴ്ച വളരെ ദുഃഖകരമാണ് .

2 കൊരി. 2:11 പൗലോസ് നമുക്ക് തരുന്ന മുന്നറിയിപ്പ് സാത്താൻ നമ്മെ തോല്പിക്കരുത് അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ. ഉപവാസത്തിലും പ്രാർത്ഥനയിലും വചന വായനയിലും ധ്യാനത്തിലും ദൈവവുമായി നല്ല ബന്ധം കാത്തു സൂക്ഷിക്കേണ്ടവർ വിലപ്പെട്ട സമയത്തെ മറ്റു പലതിനും വേണ്ടി വിനയോഗിച്ചു ദൈവത്തിൽ നിന്നും അകന്നു പോകുന്ന കാഴ്ച വളരെ അപകടകരമായ ഒരു വസ്തുതയാണ്. കുടുംബങ്ങളിൽ മാതാപിതാക്കളും കുഞ്ഞുങ്ങളും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കയും സംസാരിക്കയും ചെയ്യുന്ന അനുഭവങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. തൻ നിമിത്തം തലമുറകൾ ദൈവത്തിൽ നിന്നും ദൈവ സഭയിൽ നിന്നും അകലം പാലിക്കുന്നു. ആത്മീയ വിഷയങ്ങളേക്കാൾ ലൗകിക ബന്ധങ്ങളിലും വിഷയങ്ങളിലും അവർ ആകൃഷ്ടരാകുന്നു. വളരെ അപകടകരമായ ഈ അവസ്ഥക്ക് ഒരു മാറ്റം വരേണ്ടതിനു ആത്മഭാരമുള്ള ദൈവദാസന്മാരും ദൈവജനവും കണ്ണുനീരോടെ കൈപ്പോടെ നിലവിളിക്കട്ടെ.

സാത്താന്റെ ചതിക്കുഴികൾ തിരിച്ചറിയുവാനുള്ള ആത്മദൃഷ്ടി പ്രാപിക്കുക, പ്രലോഭനങ്ങളിൽ വീണു പോകാതെ അതിനെ പിൻതുടരാതെ, വഞ്ചനക്കു ഇടയാക്കുന്ന സാഹചര്യങ്ങളെ ഒഴിവാക്കി ആത്മിക വിവേകം പ്രാർത്ഥിച്ചു പ്രാപിച്ചു ജയാളികൾ ആകുക,, അനാവശ്യ തിരക്കുകൾ ഒഴിവാക്കുക, ദൈവസന്നിധിയിൽ സമയങ്ങൾ ചിലവഴിക്കുന്നതിൽ മുൻഗണന നൽകുക, ഉപവാസത്തിലും പ്രാർത്ഥനയിലും വചന ധ്യാനത്തിലും അധികം സമയം കണ്ടെത്തുക, നമ്മളെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ വിശ്വസിക്കുക, ദൈവത്തിൽ ആശ്രയിക്കുക.

നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ. മാതൃകയുള്ള ശുശ്രുഷകരും മൂപ്പന്മാരും ദൈവസഭയിൽ ഉണ്ടാകട്ടെ. ഉണർന്നിരിക്കാം, നിർമാദരായിരിക്കാം. സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കാം, നമ്മിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം വിശ്വസ്തതയോടെ പൂർത്തീകരിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ. ●

# അകത്തെ മനുഷ്യന്റെ ശാക്തീകരണം



**Pastor Biju Thankachan**
Director, Publication Dept.

വിജയകരമായ ആത്മീയ ജീവിതത്തിന് അകത്തെ മനുഷ്യൻ ശക്തിപ്പെടേണ്ടത് അനിവാര്യമാണ്. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നത് പൗലോസിനെ അസ്വസ്ഥനാക്കിയില്ല. അകമെയുള്ള മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു എന്ന സന്തോഷമായിരുന്നു തനിക്കുണ്ടായിരുന്നത്. തിരുവചനം മാനവകുലത്തെ മൂന്ന് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു

**1. പ്രാകൃതൻ (The Natural Man)**

രക്ഷിക്കപ്പെടാത്തതതും ആത്മീയ കാഴ്ചപ്പാടില്ലാത്തതുമായ സാധാരണ മനുഷ്യരെയാണ് പ്രാകൃതൻ എന്ന വാക്ക് കൊണ്ട് വിവക്ഷിക്കുന്നത്. 'Psychikos' എന്ന ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവാത്മാവിന്റെ ഉപദേശം മനസ്സിലാക്കാനോ അത് അംഗീകരിക്കാനോ അവർക്ക് കഴിയുന്നില്ല. വിവേചിക്കാൻ കഴിവില്ലാത്തതിനാൽ ഗ്രഹിപ്പാൻ കഴിയുന്നില്ല എന്ന് മാത്രമല്ല അത് ഭോഷത്വമായി തോന്നുന്നു (1 കൊരി. 2:14-15).

**2. ജഡീകൻ (The Worldly Man)**

രക്ഷിക്കപ്പെട്ടവരെങ്കിലും ആത്മീയ വളർച്ച പ്രാപിക്കാത്തവരെയാണ് ജഡീകന്മാർ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ക്രിസ്തുവിൽ ശിശുക്കളായവരാണ് ഇക്കൂട്ടർ. കട്ടിയായ ആഹാരം കഴിക്കാത്തവരും കഴിക്കാൻ ഇഷ്ടപ്പെടാത്തവരുമാണ്. ജഡപ്രകാരം ചിന്തിക്കുകയും ജഡത്താൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നവർ. 'Sarkikos' എന്ന ഗ്രീക്ക് പദമാണ് ഉപയോഗിച്ചിരുന്നത്. ജഡപ്രകാരം ജനിച്ചവനും ആത്മപ്രകാരം ജനിച്ചവനും തമ്മിൽ നിരന്തര പോരാട്ടമുണ്ട്. അബ്രഹാമിന്റെ കൂടാരത്തിൽ ജഡപ്രകാരം ദാസിയിൽ നിന്ന് ജനിച്ചവൻ വാഗ്ദത്തത്താൽ ജനിച്ച യിസഹാക്കിനെ ഉപദ്രവിച്ചതിനെ ഉദാഹരിച്ചുകൊണ്ട് ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം ഇന്നും കാണുന്നു എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു (ഗലാ. 4:29).

**3. ആത്മീകന്മാർ (The Spiritual Man)**

രക്ഷിക്കപ്പെട്ടവരും ആത്മീക വളർച്ച പ്രാപിച്ചവരുമാണ് ആത്മീകന്മാരുടെ ഗണത്തിൽപ്പെടുന്നത്. 'Pneumatikon' എന്ന ഗ്രീക്ക് പദം ഉപയോഗിച്ചിരിക്കുന്നു . ആത്മീയ പക്വത പ്രാപിച്ചവരും ആത്മീയ കാഴ്ചപ്പാടുള്ളവരുമാണ് ആത്മീകന്മാർ.

ബലഹീനമായ ആത്മ മനുഷ്യന് ആത്മനിറവിൽ ജീവിക്കാൻ സാധ്യമല്ല ആത്മ മനുഷ്യൻ ശക്തിപ്പെടണം. ആത്മീകന് സകലത്തെയും വിവേചിക്കാൻ സാധിക്കുന്നു. ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളെ അനുസരിച്ച് ജീവിക്കാൻ തനിക്ക് കഴിയുന്നു (1 കൊരി. 2:13-15). അകത്തെ മനുഷ്യൻ ശക്തിപ്പെടുന്നത് ദൈവത്തിന്റെ ആത്മാവിനാലാണ്. അതാണ് പൗലോസിന്റെ വാഞ്ചയും പ്രാർത്ഥനയും.

ആത്മ മനുഷ്യനും ജഡമനുഷ്യനും തമ്മിൽ എപ്പോഴും പോരാട്ടം ഉണ്ട്. ദൈവത്തിങ്കലേക്കും ദൈവീക കാര്യങ്ങളിലേക്കും ആത്മാവ് നമ്മെ നയിക്കുമ്പോൾ അതിന് വിപരീതമായി പ്രവർത്തിക്കുന്ന ശക്തിയാണ് ജഡവും പിശാചും ഒരുക്കമുള്ള ആത്മാവിനെ ഒതുക്കുന്ന ജഡത്തെ ജയിക്കണമെങ്കിൽ ആത്മാവിൽ ബലപ്പെടണം.

ദൈവാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട അപ്പോസ്തലന്മാർ ചെയ്ത പ്രവൃത്തികളുടെ വിവരണമാണ് അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. സാധാരണക്കാരായിരുന്നവർ ദൈവാത്മാവിനാൽ ശാക്തീകരിക്കപ്പെട്ടപ്പോൾ അസാധാരണമായ ദൈവപ്രവൃത്തികൾ ചെയ്തു. നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്ന ക്രിസ്തുവചനം അവർ അനുസരിച്ചു (ലൂക്കോ. 24:49). പരിശുദ്ധാത്മാവ് വരുമ്പോൾ ശക്തി ലഭിക്കും എന്നും ആ ശക്തിയോടെ നിങ്ങൾ എന്റെ സാക്ഷികളാകും എന്നും യേശു പറഞ്ഞ വാഗ്ദത്തം കാത്തിരുന്ന് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവ് നിറഞ്ഞ ശിഷ്യന്മാരിൽ കൂടി പൂർത്തീകരിക്കപ്പെട്ടു (അ.പ്ര. 1:8). ബലഹീനരെ ബലവാന്മാരും അപ്രാപ്തരെ പ്രാപ്തന്മാരും ആക്കുവാൻ പരിശുദ്ധാത്മ നിറവിലൂടെ സാധിക്കും. ഭയം നിമിത്ത് തന്റെ ഗുരുനാഥനെ മൂന്നു പ്രാവശ്യം തള്ളി പറഞ്ഞ പത്രോസ് പോലും ആത്മനിറവ് പ്രാപിച്ചതിനു ശേഷം എത്ര ശക്തമായി ഉപയോഗിക്കപ്പെട്ടു.

അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്ക് നാൾ പുതുക്കം പ്രാപിക്കുന്നു (2 കൊരി. 2:16). കൊരിന്ത്യ ലേഖനത്തിൽ പൗലോസ് നമ്മിലുള്ള ആത്മ മനുഷ്യനെും ജഡമനുഷ്യനെയും വേർതിരിച്ച് പറഞ്ഞിരിക്കുകയാണ്. പുറമേയുള്ള മനുഷ്യൻ (outward man) എന്നും അകമേയുള്ള മനുഷ്യൻ (inward man) എന്നും പുറമേയുള്ള മനുഷ്യൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മറ്റുള്ളവർക്ക് ദൃശ്യമായ നമ്മുടെ ശരീരത്തെയാണ്. എന്നാൽ അകമേയുള്ള മനുഷ്യൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മറ്റുള്ളവർക്ക് ദൃശ്യമല്ലാത്തതും നമ്മുടെ ഉള്ളിൽ വസിക്കുന്നതുമായ ആത്മമനുഷ്യനെയാണ്.

ബലഹീനമായ ശരീരത്തിന് ഉടമയായിരുന്ന പൗലോസിന് ദൈവരാജ്യപ്രാപ്തിക്കായി ഇത്രയധികം ഓടുവാൻ തുണയായത് തന്നിൽ വ്യാപരിച്ച ദൈവ ശക്തിയാണ്. തന്റെ അകത്തെ മനുഷ്യൻ ശക്തനായിരുന്നു. ●

# दाख की बारी की ताज़ा खबरें



**Pastor Mahavir Prasad Gautam**
Evangelism Director
COG-CWR

**क्षेत्रीय सेवकाई यात्राएँ (Field Ministry Visits)**

Evangelism Department की ओर से १५ महीनों में विभिन्न राज्यों जैसे मध्यप्रदेश, उत्तर प्रदेश, महाराष्ट्र, गुजरात, गोवा, दिल्ली और राजस्थान आदि के क्षेत्रों में कुल ४५ से अधिक स्थानों पर सेवकाई हुई। इन यात्राओं के दौरान प्रार्थना सभाएं, बाइबल अध्ययन, विशेष सभाएं, पास्टर्स मीटिंग, और पारिवारिक सम्मेलन आयोजित किए गए। इन यात्राओं का मुख्य उद्देश्य आत्मिक विकास, पास्टर्स को मार्गदर्शन, कलीसियाओं को प्रेरित करना तथा सुसमाचार को बढ़ावा देना था।

मध्य प्रदेश : आदिवासी क्षेत्रों में पारंपरिक विश्वास की प्रबलता, कुछ जिलों में धर्म परिवर्तन कानूनों का कड़ाई से पालन तथा गांवों में प्रचार का जोखिम होने के बावजूद लोगों ने सच्चे विश्वास को अपनाने और प्रभु को उद्धारकर्ता के रूप ग्रहण करने से पीछे नहीं हटे।

उत्तर प्रदेश : सबसे अधिक जनसंख्या वाला राज्य, धार्मिक बहुलता और असहिष्णुता का मिश्रण एवं धर्मांतरण विरोधी कानून सख्ती से लागू होने के कारण कई कलीसियाएं बन्द है, इसके बावजूद लोग घरों में छोटे-छोटे झुण्ड में इकट्ठे होकर परमेश्वर के वचन को सुन पापों से मन फियाया और पूर्ण धार्मिकता का पालन करते हुए उद्धार की आशीष पाई।





राजस्थान : कई जिलों में सांप्रदायिक तनाव और धर्मांतरण विरोधी सोच, आदिवासी और ग्रामीण क्षेत्रों में मिशनरी कार्य को संदेह की दृष्टि से देखा जाता है और प्रचार कार्य करने वालों को सामाजिक बहिष्कार या धमकी मिलती है। फिर भी प्रभु का वचन फैलता जाता है, लोग बड़े आनन्द के साथ वचन को ग्रहण करते जा रहे हैं तथा लोग बड़ी संख्या में उद्धार पा रहे हैं। ७० से अधिक प्रभु के सेवक लोग हमारे साथ जुड़कर सेवकाई करने के लिए तैयार भी हैं।

महाराष्ट्र, गुजरात, दिल्ली और गोवा : इन प्रदेशों में शहरी संस्कृति के कारण खुले विचार हैं लेकिन ग्रामीण क्षेत्रों में कुछ विरोधियों का हमारे सेवकों को सामना करना पड़ा है। शहरों में अवसर अधिक, पर गांवों में चुनौतियाँ के बावजूद कलीसियाएं बढ़ रही हैं।

पास्टर्स मीटिंग्स व पारिवारिक सेमिनार (Pastors' Meetings Family Seminars)

पास्टर्स मीटिंग और पारिवारिक सेमिनार का उद्देश्य सेवकों और उनके परिवारों को आत्मिक, व्यावहारिक और नैतिक रूप से सशक्त बनाना, नेतृत्व, चरित्र, पारिवारिक संतुलन और सेवकाई की ज़िम्मेदारियों पर मार्गदर्शन देना था। ये सभाएं आत्मविश्लेषण, संगति और सामूहिक उत्साह के साथ परिवार और कलीसिया को मज़बूत करने में सहायक हुईं ।

विशेष सभाएं और सम्मलेन (Special Events Conventions)

Bible Study, Youth Service, Gospel Meetings, Ladies Seminar जैसे आत्मिक कार्यक्रमों में आत्मिक जागृति, एकता, सुसमाचार प्रचार के लिए जुनून और परमेश्वर के साथ गहरा संबंध आदि विषयों के द्वारा कलीसिया के विश्वासियों और सेवकों को परमेश्वर के वचन में मजबूत किया।

**मसीह में बने शिष्य**

» 4

# മനുഷ്യന്റെ കൈപോലെ പൊങ്ങുന്ന ഒരു മേഘം





പാസ്റ്റർ പി.എ. മാത്യു, ഡൽഹി
ഡയറക്ടർ, പ്രെയർ ഡിപാർട്ടുമെന്റ്

സദ്വാർത്തയുടെ എല്ലാ മാന്യവായനക്കാർക്ക്, ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ പ്രെയർ ഡിപ്പാർട്ടുമെന്റിന്റെ ക്രിസ്തീയ വന്ദനവും, പുതുവത്സരാശംസകളും സ്നേഹപൂർവ്വം അറിയിക്കുന്നു. ഈ പുതുവർഷം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും അനുഗ്രഹമായിത്തീരുവാൻ പ്രാർത്ഥിക്കുന്നു. 2024-ൽ നമ്മെ ജയോത്സവമായി നടത്തി 2025-ൽ കൊണ്ടുവന്ന സർവ്വകൃപാലുവായ ദൈവത്തിന് ഒരായിരം നന്ദിയും മഹത്വവും അർപ്പിക്കുന്നു. ഒപ്പം പ്രാർത്ഥനയിൽ സജീവമായി പോരാടിയ എല്ലാ ദൈവദാസന്മാർക്കും, പ്രെയർ കോർഡിനേറ്റേഴ്സിനും, ഡെയ്‌ലി ചെയിൻ പ്രെയറിൽ പ്രാർത്ഥിക്കുന്ന എല്ലാ പ്രെയർ വാരിയേഴ്സിനും ഹൃദയംഗമായ നന്ദി അറിയിക്കുന്നു.

മേൽ ഉദ്ധരിച്ച വേദഭാഗം 1 രാജാക്കന്മാർ 18:44 ൽ കാണുന്നു. പ്രവാചകനായ ഏലിയാവിന്റെ പ്രാർത്ഥനയുടെ മറുപടിയാണ്. കർമ്മേൽ പർവ്വതത്തിന്റെ മുകളിൽ കയറി നിലത്തു കുനിഞ്ഞ്, മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വച്ച്, കർമ്മനിരനായി പ്രാർത്ഥിക്കുന്ന ഏലിയാവ്. തന്റെ അപേക്ഷ വ്യക്തവും പ്രതീക്ഷയോടെ ദൈവിക മറുപടിക്കായിട്ടുള്ളതും ആയിരുന്നു. ഏലിയാവിന്റെ പ്രാർത്ഥന യാക്കോബും രേഖപ്പെടുത്തുന്നു (യാക്കോബ് 5:17-18). മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്ന് മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു. ഏലിയാവിന്റെ പ്രാർത്ഥനയ്ക്ക് പിന്നിൽ ദൈവശബ്ദം ഉണ്ടായിരുന്നു. വലിയ മഴയുടെ മുഴക്കം കാതിൽ കേട്ടിരുന്നു. ബാല്യക്കാരൻ കൊണ്ടുവന്നിരുന്ന മറുപടി 'ഒന്നും ഇല്ല' എന്നായിരുന്നു. എന്നാൽ ഏലിയാവ് തന്റെ പ്രാർത്ഥന തുടർന്നു. നാം പ്രാർത്ഥിക്കുന്ന അനേക വിഷയങ്ങൾക്കുള്ള മറുപടി താമസിക്കുന്നു എന്ന് തോന്നിയാലും വിഘ്നം കൂടാതെ പ്രാർത്ഥനയിൽ തുടരുക. ദീർഘവർഷങ്ങളായി അടഞ്ഞുപോയി, ഇനി മറുപടി ഇല്ല എന്നു തോന്നുന്ന വിഷയങ്ങൾക്ക് മറുപടി ഉണ്ടാകുവാൻ പോകുന്നു. ഏഴാം പ്രാവശ്യം മെഡിറ്ററേനിയൻ കടലിൽ നിന്ന് ഉയർന്നു പൊങ്ങുന്ന ആ ചെറിയ മേഘം ബാല്യക്കാരൻ കണ്ടു. ക്ഷണത്തിൽ ആകാശം മേഘവും കാറ്റും കൊണ്ട് കറുത്തു, വന്മഴ പെയ്തു.

പ്രിയരെ, നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം വന്നു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന ആ വിഷയം ഏതുമാകട്ടെ, അതിന്, 'ഇതാ' എന്നുള്ള മറുപടി ഉണ്ടാകും. ദൈവം അയച്ച മേഘത്തിനെയും, കാറ്റിനെയും ആർക്കും ഒരു ശക്തിക്കും തടയാൻ പറ്റുകയില്ല. വരണ്ട, വിള്ളലുകൾ ഭവിച്ച മണ്ണിനെ കുതിർപ്പിച്ച് ധാന്യം വിളയിച്ചു. എന്റെവായിൽ നിന്ന് പുറപ്പെടുന്ന എന്റെ വചനം ആയിരിക്കു; അത് വെറുതെ എന്റെ അടുക്കലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ചകാര്യം സാധിപ്പിക്കയും ചെയ്യും (യെശ. 55:11). ഫലമില്ലാതെ കിടന്ന ദേശത്ത് ധാന്യം വിളയ്ക്കാത്തവണ്ണം പെയ്തിറങ്ങിയ വന്മഴപോലയുള്ള ഒരു ആത്മമാരി ഈ ദിവസങ്ങളിൽ വ്യക്തികളിൽ, സഭകളിൽ നിരന്തരമായ പ്രാർത്ഥനയാല് പെയ്തിറങ്ങട്ടെ. ആത്മീയമന്ദതയും സുവിശേഷത്തിന് വിരോധമായി ഉയരുന്ന കാറ്റുകളും ദൈവപ്രവർത്തനങ്ങൾക്ക് തടയിടുവാൻ ശ്രമിക്കുന്ന ശക്തികളെയും ജയിച്ച് മുന്നേറുവാൻ, മുഴങ്കിലിൽ ഇരുന്ന് പ്രാർത്ഥനയിൽ പോരാടുവാൻ സർവ്വവല്ലഭനായ ദൈവം ഏവരെയും സഹായിക്കട്ടെ.

സദ്വാർത്തയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പ്രെയർ ഡിപാർട്ടുമെന്റിന്റെ പ്രാർത്ഥനയും ഹൃദയംഗമായ ആശംസയും നേരുന്നു. ●

# ദൈവീക നിയോഗം തിരിച്ചറിയുക



പാസ്റ്റർ ഷിബു മാത്യു,
ചെമ്പൂർ മുംബൈ

എല്ലാ മനുഷ്യരെക്കുറിച്ചും ദൈവത്തിന് ഒരു പ്രത്യേക പദ്ധതിയുണ്ട്. ദൈവത്തിൽ വിശ്വസിക്കുകയും ദൈവാശ്രയത്തോടെ ജീവിക്കുകയും ചെയ്യുന്നവരിൽ അത് ദൈവാത്മ നിയന്ത്രിതവും ആത്മീയതക്ക് മുൻഗണനയുള്ളതും ആയിരിക്കും. ആരാലും അറിയപ്പെടാതെ ജീവിച്ചാലും ദൈവം ഉദ്ദേശിച്ചിട്ടുള്ള വഴിയിലും നിശ്ചയിച്ചിട്ടുള്ള കർമ്മരംഗങ്ങളിലും ആണ് നാം ആയിരിക്കുന്നതെങ്കിൽ ചെയ്യുന്ന കാര്യങ്ങൾ തികച്ചും നിസ്സാരവും ഏതുമില്ലാത്തതും ആകട്ടെ ദൈവത്തെ അനുസരിക്കുന്നതിലും പ്രസാദിപ്പിക്കുന്നതിലുമുള്ള അനുഗ്രഹം തിരിച്ചറിഞ്ഞ് സന്തോഷപൂർവ്വം മുന്നേറുകയാണ് വേണ്ടത്.

അധികാരങ്ങളും പദവികളും നേടുന്നതിനായി സ്ത്രീപുരുഷ ഭേദമില്ലാതെ ആളുകൾ പരക്കംപായുന്ന കാഴ്ച രാഷ്ട്രീയത്തിൽ എന്നപോലെതന്നെ ആത്മീയ മണ്ഡലത്തിലും കാണുന്നു. ദൈവിക നിയോഗത്തിന് ഇവിടെ സ്ഥാനം ഇല്ല. ഇടിച്ചുകയറിയും സമ്മർദ്ദം ചെലുത്തിയും, സാമ്പത്തിക നന്മകൾ കൊടുത്തും സ്വാധീനിച്ചും മറ്റും നേട്ടങ്ങൾ കൊയ്തു കൂട്ടുകയാണ്. തങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതിയാണോ നിവർത്തിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് ഒരു പുനർവിചിന്തനം നടക്കുന്നില്ല.

ദൈവകരങ്ങളിൽ സമർപ്പിതരായി ദൈവരാജ്യ വ്യാപ്തിക്കായി മാത്രം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അധികാരങ്ങളും അവസരങ്ങളും തേടി ഓടേണ്ട കാര്യമില്ല. ദൈവം നിശ്ചയിച്ചിട്ടുള്ള ഓരോ ദൗത്യവും യഥാസമയം ദൈവം തന്നെ വഴികൾ ഒരുക്കി ഏൽപ്പിച്ചു തരും. കൃത്യനിർവഹണത്തിന് ഉള്ള മാർഗ്ഗനിർദ്ദേശവും ദൈവം തന്നെ നൽകും. അത് ദൈവത്തിനും ദൈവസഭക്കും ദൈവിക പ്രവർത്തനങ്ങൾക്കും ഒരു മുതൽ കൂട്ടും അനുഗ്രഹവും ആയിരിക്കും വ്യക്തിപരമായ നേട്ടവും മേൽക്കോയ്മയും ഇവിടെ തീരെ ഉണ്ടാവുകയില്ല എന്നു മാത്രമല്ല എതിർപ്പുകളും ആരോപണങ്ങളും നേരിടേണ്ടി വരികയും ചെയ്യാം: എങ്കിലും ദൈവം ഏൽപ്പിച്ച ദൗത്യം ആയതിനാൽ അത് നിർവഹിക്കുവാൻ ഉള്ള കൃപയും ദൈവം നൽകും.

ദൈവീക നിയോഗപ്രകാരമുള്ള ദൗത്യ പാതയിൽ ആണോ നാം ആയിരിക്കുന്നത് എന്നറിയുവാൻ വളരെ എളുപ്പമാണ്. നമ്മുടെ വ്യക്തിപരമായ ഇടപെടൽ ഇല്ലാതെ തികച്ചും അപ്രതീക്ഷിതമായി ചുമതലകൾ വന്നുചേരുന്നത് ദൈവം ഏൽപ്പിക്കുന്നത് തന്നെയാണ്. മുമ്പുണ്ടായിരുന്ന ഹൃദയ സമാധാനത്തിനും സ്വസ്ഥതയും ഭംഗം വന്നിട്ടില്ലെങ്കിൽ ദൗത്യം ദൈവീക നിയോഗമാണെന്ന് ഉറപ്പിക്കാം. പ്രാർത്ഥനാ ജീവിതവും ദൈവിക ബന്ധവും പൂർവ്വാധികം മെച്ചപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള ദൈവകൃപയും ലഭ്യമാകും. തികഞ്ഞ ഗൗരവത്തോടെ പരിഗണിക്കേണ്ട മറ്റൊരു കാര്യം കൂടി. ദൈവം പ്രത്യേക പദ്ധതികൾ ഒരുക്കി നടപ്പിലാക്കുവാൻ ദിവ്യവിളിയാൽ വിളിച്ച് വേർതിരിച്ചിരിക്കുന്ന വ്യക്തികൾ മാനുഷിക ചിന്താഗതികളിൽ അകപ്പെട്ട് ദൈവിക നിയോഗം അലക്ഷ്യമാക്കി യാത്ര ചെയ്താൽ ഉണ്ടാകുന്ന പ്രത്യാഘാതം ഏറെ ഗുരുതരമായിരിക്കും.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ ദൈവീക നിയോഗത്തിനുവേണ്ടി വിളിച്ച് വേർതിരിക്കപ്പെട്ട ശിംശോൻ, വളർന്നു വന്നപ്പോൾ ദൈവീക വഴി വിട്ട്, ദൗത്യം വിട്ട് സ്വയത്തിലേക്ക് തിരിഞ്ഞു. പരിണിതഫലം ഫെലിസ്ത്യന്റെ, ശത്രുവിന്റെ കയ്യിൽ പിടിക്കപ്പെട്ട് ഒരു പരിഹാസമായി മാറി.

അതുകൊണ്ട് നാം ആയിരിക്കുന്നത് ദൈവീക നിയോഗത്തിൽ അവൻ ഏല്പിച്ച ദൗത്യത്തിൽ ആണെങ്കിൽ ദൈവീക കരുതൽ എപ്പൊഴും നമ്മോട് കൂടെ ഉണ്ടാകും, മാത്രമല്ല പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കൃപയും അവൻ പകർന്നു നല്കും. ●

तीन प्रमुख स्थानों पर कुल १७ लोगों ने मसीह में नया जीवन पाकर उसके चेले बन गए। (३० मई २०२४ को घाटमपुर में ४ व्यक्ति, ६ दिसंबर २०२४ को पालघर में ५ व्यक्ति, १ जनवरी २०२५ को बोईसर में ८ व्यक्ति)। इनके अतिरिक्त भी हमारे रीजन के बहुत से अगुओं की सेवकाई से लगभग ३१६+ लोगों ने मसीह का शिष्य बनने का निर्णय लिया।

निष्कर्ष :

१५ महीनों की सेवकाई के दौरान ४५+ क्षेत्रीय दौरे, १७ लोगों का उद्धार, २५+ विशेष सभाएं, १०+ शिक्षा व प्रशिक्षण सत्र आदि सब कुछ परमेश्वर की अगुवाई, आत्मिक समर्पण और सेवकाई के प्रति दृढ़ निश्चयता और हमारे रीजनल ओवरसीयर के मार्गदर्शन तथा सहकर्मी सेवकों के सहयोग का फल है। ●





# നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും മറുപടി ലഭിക്കുമോ?



സിസ്റ്റർ സാലി ജേക്കബ്
മുംബൈ

കഴിഞ്ഞ എന്റെ ലേഖനത്തിൽ പ്രാർത്ഥന എന്താണെന്നും പ്രാർത്ഥനയിൽ കൂടി ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും ദൈവാത്മാവ് എനിക്കു പ്രകാശിപ്പിച്ചു തന്ന കൃപക്കൊത്തവണ്ണം ചില വസ്തുതകൾ തിരുവചന വെളിച്ചത്തിൽ എഴുതുവാൻ കർത്താവു സഹായിച്ചു. എന്നാൽ ഇന്നു ഞാൻ എഴുതുന്നത് നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും ദൈവം മറുപടി നൽകുമോ? പ്രാർത്ഥിച്ച ഉടൻ മറുപടി ലഭിച്ച വിഷയങ്ങളും എന്നാൽ ഉത്തരം ലഭിക്കാത്ത പല പ്രാർത്ഥനകളും തിരുവചനത്തിലുണ്ട്. അത്ഭുതങ്ങളെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും സൗഖ്യത്തെക്കുറിച്ചും മാത്രം കേട്ടു തഴമ്പിച്ച നമുക്കു ഇതു അവിശ്വസനീയമായി തോന്നിയേക്കാം. എന്നാൽ ഇവിടെ ദൈവഹിതം നിറവേറുന്നു എന്നും നാം വിചാരിച്ചാൽ മതി.

ചില ഉദാഹരണങ്ങൾ ഞാൻ എഴുതട്ടെ. നമ്മുടെ കർത്താവു ഗത്സമനയിൽ എത്തി അതിതീവ്രതയോടെ പ്രാർത്ഥിച്ചു (ലൂക്കോ. 22:44, എബ്രാ. 5:7) ''പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കിൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ'' (ലൂക്കോ. 22:42) അവിടെ ദൈവഹിതം നിറവേറുകയായിരുന്നു. കഷ്ടതയാകുന്ന പാനപാത്രം നീങ്ങിപ്പോയില്ല.

അപ്പോസ്തലനായ പൗലോസ് തന്റെ ജഡത്തിലെ ശൂലം മാറ്റുവാൻ പലവട്ടം പ്രാർത്ഥിച്ചു. പക്ഷേ അതു മാറിക്കിട്ടിയില്ല. പകരം ''എന്റെ കൃപ നിനക്കുമതി എന്നതായിരുന്നു മറുപടി. ദൈവത്തിനു തന്റെ സാക്ഷ്യം വഹിക്കുന്നതിനും ദൗത്യം നിറവേറ്റുന്നതിനും ആവശ്യം ബലഹീനത ഉള്ള (ശരീരത്തിൽ) ഒരു പൗലോസിനെ ആയിരുന്നു. ഇവിടെയും ദൈവഹിതം ആയിരുന്നു നിറവേറിയത്.

ഇനിയും പഴയനിയമത്തിലെ ഭക്തനായ ഒരു പ്രവാചകനും പ്രാർത്ഥനാ മനുഷ്യനും ആയിരുന്ന ഏലിയാവിനെക്കുറിച്ച് നമുക്ക് ഒന്നു ചിന്തിക്കാം 1 രാജ. 17:1 ലാണ് ഇദ്ദേഹത്തെ നാം കാണുന്നത്. ഏകദേശം 2800 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഗിലയാദിലെ തിശ്ബ്യനായ ഏലിയാവ്. പഴയനിയമത്തിലെ ധീരനായ കർമ്മയോഗി. പഴയനിമയത്തിൽ മാത്രമല്ല ബൈബിളിലുടനീളം തല ഉയർത്തി നിൽക്കുന്ന ഒരു വ്യക്തിത്വമായിരുന്നു ഏലിയാവിന്റേത്.

തന്റെ പ്രവചനത്തിന്റെ തുടക്കം പ്രൗഢഗംഭീരമായിട്ടാണ് ആരംഭിക്കുന്നത് ''ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണ'' ഇതിന്റെ അർത്ഥം ദൈവത്തെ താൻ അറിയുന്നത്. കേട്ടുകേൾവിയിലൂടെയോ വായനയിലൂടെയോ അല്ല പ്രത്യുത എന്റെ അനുഭവമാണ് എന്നത്രേ. (രാജ. 17:1) ''ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല. ആവ. 11:17 ൽ എഴുതിയിരിക്കുന്ന വചനം അവൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. ദൈവം അതംഗീകരിച്ചു. പ്രിയരെ, നമുക്കു ചില അധികാരങ്ങൾ ദൈവം നൽകിയിട്ടുണ്ട് (മത്താ. 18:18). അതേറ്റെടുത്ത് നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കാൻ കർത്താവു നമ്മെ ബലപ്പെടുത്തട്ടെ.

ഏലിയാവ് പറഞ്ഞ വിഷയത്തിൽ ക്രുദ്ധിച്ചാണ് ആഹാബിന്റെ ഭാര്യയായ ഈസബേൽ തനിക്കെതിരായി തീർന്നത്. ഇനിയും ഈ ഇസബേലാരാണ് എന്നും ഒന്നു നോക്കാം. ആഹാബിന്റെ ധർമ്മപത്നി, യിസ്രായേലിനെ കൊണ്ടു ദുഷ്ടത പ്രവർത്തിപ്പിക്കുവാൻ ഇവന്റെ അപ്പനായ ഒമ്രി മാസ്റ്റേഴ്സ് എടുത്തവനെങ്കിൽ മകൻ പിഎച്ച്ഡി എടുത്തവനായിരുന്നു. ഈ സമയത്താണ് ഏലീയാവ് ബാലിന്റെ 450 പ്രവാചകന്മാരെ കീശോൻ തോട്ടിനരികെ വച്ചു വെട്ടിക്കൊന്നത്. ഈ വാർത്തയറിഞ്ഞപ്പോൾ ഈസബേൽ കോപം കൊണ്ടു വിറച്ചു പറയുകയാണ്. നാളെ ഈ നേരത്ത് ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവനെപ്പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോട് തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു (1 രാജ. 19:1-3).

ഈസബേലിന്റെ വാക്കിനു മുപിൽ ഏലിയാവു ഭയപ്പെട്ടുപോയി. ദൈവദാസന്മാരാണെങ്കിലും ചിലപ്പോൾ ഭയം കടന്നുവരാം. ഭയം കൊണ്ടുവരുന്നത് സാത്താനാണ്. ബൈബിളിൽ 365 പ്രാവശ്യം ദൈവം നമ്മോടു ഭയപ്പെടരുത് എന്നു പറയുന്നു. ഭയം നമ്മെ പിന്മാറ്റക്കാരനാക്കും പിന്നെ പ്രാർത്ഥനയില്ല, ആരാധനയില്ല ഒറ്റക്കിടപ്പാണ്. ചൂരച്ചെടിയുടെ തണലിൽ അവിടെ കിടന്നു കൊണ്ടു ദൈവത്തോടു പ്രാർത്ഥിച്ചു പറയുന്നു. ''മതീ യഹോവേ! എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ? മരിച്ചാൽ മതി എന്നു സാരം. എന്തുകൊണ്ടാണ് ഏലിയാവു ഭയപ്പെട്ടത്. താൻ ഉയരങ്ങളിലേക്ക് നോക്കാതെ തന്നിലേക്കു തന്നെ ഒന്നു നോക്കി ഒരു താരതമ്യ പഠനം നടത്തി. താൻ ആര് ? ഈസബേലാര് ? ഏതു ദുഷ്ടതയും യാതൊരു അറപ്പും പുളിപ്പും കൂടാതെ ചെയ്യുവാൻ തന്റേടമുള്ളവർ. ഉദാ. നാബോത്തിനെ കൊന്ന സംഭവം (1 രാജ. 21:6-15). യെഹൂദ തചരിത്രകാരനായ ജോസീഫസ് രേഖപ്പെടുത്തിയിരിക്കുന്നത് ''സീദോനിലെ ഒരു ക്ഷേത്രത്തിലെ പുരോഹിതനായിരുന്നു അവളുടെ പിതാവ്. അവിടത്തെ രാജാവിനെ ചതിവിൽ കുലപ്പെടുത്തി സ്വയം രാജാവായി പ്രഖ്യാപിച്ചവൻ ആണ്. മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും നിലയും കൽപിക്കാത്ത കുലപാതക രാഷ്ട്രീയ പാരമ്പര്യമുള്ളവൾ. ഇങ്ങനെ ഉള്ള ദുഷ്ട സ്ത്രീ ഒരു ദൈവദാസനു നേരെ ഭീഷണി ഉയർത്തിയപ്പോൾ താൻ ഭയപ്പെട്ടുപോയി.

എന്നാൽ ഏലിയാവ് താൻ കഴിഞ്ഞ ദിവസം ദൈവത്തിനു വേണ്ടി ചെയ്ത കാര്യങ്ങൾ ഒന്നോർത്ത് നോക്കിയാൽ മതിയായിരുന്നു. ഒറ്റ നിൽപിൽ ബാലിന്റെ 450 പ്രവാചകന്മാരെ വെട്ടിക്കൊന്നവൻ. ആഹാബിന്റെ രഥത്തിനു മുമ്പിൽ ഒരു പടക്കുതിരയേക്കാൾ വേഗത്തിൽ ഓടിയവൻ. എല്ലാം ഭയം വന്നപ്പോൾ മറന്നുപോയി. ഇപ്പോൾ മരണം ആഗ്രഹിക്കുന്നു. എന്നാൽ ദൈവം ആ പ്രാർത്ഥന കേട്ടില്ല. കാരണം ഏലിയാവ് അവിടെ കിടന്നു മരിച്ചാൽ ആ വഴി പോകുന്നവർ പരിഹസിച്ചു പറയും അയ്യോ! കർമ്മേലിൽ തീ ഇറക്കിയവനല്ലേ ഈ കിടക്കുന്നത്. പ്രാർത്ഥിച്ചു ആകാശം അടക്കുകയും പ്രാർത്ഥിച്ചു തുറക്കുകയും ചെയ്തവനല്ലേ ഇവൻ. പക്ഷേ ദൈവം അതിനിട വരുത്തിയില്ല. ''അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടി എന്നവൻ ഓർക്കുന്നു'' (സങ്കി. 103:14). ദൈവം അവനെ മറന്നില്ല. ദൂതനെ അയച്ചു അപ്പവും വെള്ളവും കൊടുത്തു. ഹാ! ദൈവത്തിന്റെ കരുതൽ, സ്നേഹം ഇവയുടെ ആഴം എത്ര അഗോചരം.

പ്രിയരെ, ദൈവം തന്റെ ദൂതനെ അയച്ച് ഏലീയാവിനെ ബലപ്പെടുത്തുന്നു. മരണം ആഗ്രഹിച്ചവരെ മരണം കാണാതെ എടുത്തു കൊള്ളപ്പെടുവാനായിരുന്നു. ദൈവീക പദ്ധതി. പ്രിയരെ ! നമ്മെക്കുറിച്ചും ദൈവത്തിനു ഒരു പദ്ധതി ഉണ്ട്. നമ്മുടെ ചില പ്രാർത്ഥനകൾ അതിനു തടസ്സമായി മാറാതെ ദൈവഹിതത്തിനു വിധേയപ്പെടുക. മരിക്കുവാൻ ആഗ്രഹിച്ചവനെ അഗ്നിഅശ്വങ്ങളുടെ അകമ്പടിയോടെ മരണം കാണാതെ സ്വർഗ്ഗത്തിലെക്കെടുക്കപ്പെട്ടു. ഹാ! എത്ര ഭാഗ്യകരമായ അനുഭവം ''എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തപരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു... മഹത്വം ഉണ്ടാകട്ടെ'' (എഫേ. 3:20).

ആമേൻ.

## നന്ദിയിൻ സ്വരമാധുരി



ലിനി ബിനോജി, ഡൽഹി

1. നന്ദി അല്ലാതെൻ മനമേ പറയുവാൻ,
നാവിനാൽ സാധ്യമല്ല ഒന്നുമേ ഈ ധരയിൽ,
നടത്തും താതൻ വഴികളെ ഓർത്താൽ,
പാടിടും എൻ നാവാൽ നവ്യഗാനം,

2 എതിരുകൾ പൊരുതുകൾ എതിരാളികൾ,
എതിർത്ത് തകർക്കുവാൻ പൊരുതിയപ്പോൾ,
എല്ലാറ്റിനും കാരണഭൂതനായോൻ,
എൻ കരത്തിൽ പിടിച്ചതെന്തോരത്ഭുതമാ,

3 തിരമാലകൾ തീരം കവർന്നീടുവാൻ,
അലകളാൽ പ്രക്ഷോഭമായ നേരം,
അമരത്തായി നാഥൻ ഉള്ളതിനാൽ,
ഒന്ന് ഉലയുവാൻ പോലും ഇട തന്നതില്ല,

4 സാധ്യതകൾ ഒന്നും മുന്നിലില്ല,
എങ്ങനെ എന്ന് ഞാൻ ഓർത്ത നേരം,
എന്നാൽ സാധ്യമേ ഉള്ളൂ എന്ന്,
എന്നോട് അരുളിയോൻ സാധ്യമാക്കി,

5 ചിറകുകൾ തളർത്തി തകർക്കുവാനായി,
ഒരുക്കിയ കെണികളെ പൊട്ടിച്ചെറിഞ്ഞ്,
ഉയരത്തിൽ ഉഷസ്സിൻ ചിറകു തന്ന്,
ഉണ്മയായി നടത്തിയ നല്ല നാഥാ,...,.
നന്ദി മാത്രം നന്ദി,...,.
നന്ദി മാത്രം,
എൻ നാവൽചൊല്ലുവാൻ നന്ദി മാത്രം

# SADHWARTHA

For Private Circulation only.

P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834 email : sadhwartha@gmail.com


## CENTRAL WEST REGION YOUTH CAMP 2025




**A Generation Awakened : A Fire Ignited !**

The countdown has begun for Central West Youth Camp 2025, taking place from October 21–23 at the Church of God Campus, Badlapur. Youth from across the region are invited to gather for a powerful, Spirit-led experience marked by passionate worship, dynamic teaching, focused prayer, and Christ-centered fellowship, all designed to stir hearts and equip a generation to live boldly for Christ.

More than just an event, this camp is a divine invitation to encounter God, discover your purpose, and ignite a lasting spiritual fire. Participants will also receive customized camp shirts and pop up shops will be available to indulge, connect, reflect, and grow together.

Registrations open soon. Don't miss your chance to be part of something eternal.

**Are you ready for a divine encounter?**






## തെലുങ്കാന പാസ്റ്റർ ഫാമിലി കോൺഫറൻസ് നടന്നു



**ഹൈദരാബാദ്:** തെലുങ്കാനയിൽ ഉള്ള തെലുങ്ക് പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് 07.07.2025 തീയതി പാസ്റ്റർ വിജയരാജു ശുശ്രൂഷിക്കുന്ന ചിന്തൽ ദൈവസഭയിൽ വച്ച് നടന്നു. പാസ്റ്റർ വിജയ രാജുവിന്റെ അധ്യക്ഷതയിൽ ആരംഭിച്ച മീറ്റിങ്ങിൽ ചർച്ച് കൊയർ ആരാധനയ്ക്ക് നേതൃത്വം നൽകി. കടന്നുവന്ന ദൈവദാസിമാർ തങ്ങളുടെ ശുശ്രൂഷ അനുഭവങ്ങൾ പങ്കുവെച്ചു. തുടർന്ന് ഇവാ. ടി.എം. ജോസഫ് ദൈവദാസൻമാരുടെ കുടുംബത്തെ അഭിസംബോധന ചെയ്ത് അല്പസമയം സംസാരിച്ചു. മുഖ്യസന്ദേശം തെലുങ്കാന മിഷൻ കോഡിനേറ്റർ ആയി പ്രവർത്തിക്കുന്ന പാസ്റ്റർ ബിജോ. വി. കുര്യൻ നിർവഹിച്ചു. കൂടിവന്ന ഓരോ ദൈവദാസന്മാർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി ഇവാ. ടി. എം. ജോസഫ്, പാസ്റ്റർ ബിജോ വി. കുര്യൻ, സിസ്റ്റർ ഷേർളി ബിജോ എന്നിവർ പ്രാർത്ഥിക്കുകയുണ്ടായി. പാസ്റ്റർ വിജയ രാജുവിന്റെ പ്രാർത്ഥനയോടും ഇവാ. ടി.എം. ജോസഫിന്റ ആശിർവാദത്തോടും കൂടെ ഫാമിലി കോൺഫറൻസ് വളരെ അനുഗ്രഹമായി സമാപിച്ചു.

## മഹനീയം ബൈബിൾ സ്കൂൾ 21-ാമത് ലേഡീസ് ബാച്ച് ആരംഭിച്ചു

**ചെമ്പൂർ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ എജുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ലേഡീസ് ബൈബിൾ സ്കൂളിന്റെ പ്രവർത്തനം 2025 ജൂൺ 5-ാം തിയതി ആരംഭിച്ചു. പ്രിൻസിപ്പൽ പാസ്റ്റർ ബെഞ്ചി മാത്യുവിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ, ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിനൽ ഓവർസ്സിയർ പാസ്റ്റർ ഇ.പി. സാംകുട്ടി മുഖ്യ പ്രഭാക്ഷണം നിർവഹിച്ചു. രെജിസ്ട്രാർ പാസ്റ്റർ ഷിബു മാത്യു ബൈബിൾ സ്കൂൾ ബോർഡ് അംഗങ്ങളെയും, അദ്ധ്യാപകരെയും, പുതിയ സ്റ്റുഡൻസിനെയും സദസിന് പരിചയപ്പെടുത്തി. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എം.പി. ഗൗതം ബൈബിൾ സ്ക്കൂളിന്റെ ചരിത്രവും, പ്രവർത്തനങ്ങളും വിശദീകരിച്ചു, പാസ്റ്റർമാരായ ലിജോ ജോർജ്ജ്, ക്രിസ്തുദാസ്, ജഗദീഷ്, ഹിതേഷ്, സിസ്റ്റർ സാലി ജേക്കബ് എന്നിവർ ആശംസാ സന്ദേശങ്ങൾ അറിയിച്ചു. ഒരു വർഷം നീണ്ട് നിൽക്കുന്ന ബൈബിൾ ട്രെയിനിംഗിനൊപ്പം ഒപ്പം തയ്യൽ പരിശീലനവും നൽകി വരുന്നു. പാസ്റ്റർ പി.റ്റി. ജേക്കബിന്റെ പ്രാർത്ഥനയോടും ആശിർവാദത്തോടും കൂടെ മീറ്റിംഗ് അവസാനിച്ചു. ●

## ബാലനഗർ ദൈവസഭയ്ക്ക് പുതിയ ആരാധനാലയം



പാസ്റ്റർ ബിജോ വി. കുര്യൻ കഴിഞ്ഞ പതിനെട്ടു വർഷമായി ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന ബാലനഗർ ദൈവസഭ Alwal എന്ന സ്ഥലത്ത് ലഭിച്ച ആരാധനാലയത്തിൽ കൂട്ടായ്മ ആരംഭിച്ചു. ജൂൺ ഇരുപത്തി ഒമ്പതിന് പാസ്റ്റർ ബിജോ വി. കുര്യന്റെ അധ്യക്ഷതയിൽ പ്രാരംഭ സഭായോഗം അനുഗ്രഹീതമായി നടന്നു. ഇവാ. ജോൺ മാത്യു പ്രാർത്ഥിച്ചു യോഗം ആരംഭിച്ചു. ഇവാ. സാം പീറ്റർ സങ്കീർത്തനം വായിച്ചു പ്രബോധിപ്പിച്ചു. ഹൈദരാബാദ് സെക്കന്ദരബാദ് ഡിസ്ട്രിക്ട് പാസ്റ്ററായിരിക്കുന്ന പാസ്റ്റർ റെജി പുന്നൂസ് മുഖ്യസന്ദേശം നൽകി ആലയം ദൈവനാമമഹത്വത്തിനായി സമർപ്പിച്ചു. ബ്രദർ.ബെന്നി ചാക്കോ, ബ്രദർ ബിനോ വി. കുര്യൻ, ബ്രദർ.ഷാജി മാത്തച്ചൻ , ഇവാ. റ്റി.എം. ജോസഫ് എന്നിവർ ആശംസകൾ അറിയിക്കുകയും തുടർന്ന് പാസ്റ്റർ ബിജോ വി. കുര്യൻ കടന്നുവന്ന എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു. ഡോ. ജിൻസ് സ്റ്റീഫന്റെ പ്രാർത്ഥനയോടും പാസ്റ്റർ റെജി പുന്നൂസിന്റെ ആശീർവാദത്തോടും കൂടെ സഭായോഗം സമാപിച്ചു.

### നന്ദി

സദ്വാർത്താ ഒരു ആത്മീയ ശുശ്രൂഷയാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി വരിസംഖ്യയും സംഭാവനകളും അയച്ചു തന്നു സഹായിക്കുന്ന എല്ലാ വായനക്കാർക്കും, 5th Sunday Offering അയച്ചു തരുന്ന എല്ലാ സഭകൾക്കും ഞങ്ങളുടെ ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിച്ചാലും.

എഡിറ്റർ

### Do you have any questions about God, Bible or Faith?

Don't be afraid to ask. We are here to help you understand. Send us your questions. One question will be answered in every issue. Let's grow together in truth and faith.

**Keep asking,**
**Keep learning**
**Keep growing!**


Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Manu K. Chacko - 8208907893
Email : sadhwartha@gmail.com, Typesetting : Anons Graphix - 9820467408 & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243